©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 മാർച്ച് 14
14th March 2026
1201 കുംഭം 30
30th Kumbham 1201
1947 ഫാൽഗുനം 23
23rd Phalguna 1947

നമ്പർ
No.
1208

കേരള സർക്കാർ

റവന്യൂ (എഫ്) വകുപ്പ്

വിജ്ഞാപനം

സ.ഉ.(കൈ)നം. 133/2026/റവ തിരുവനന്തപുരം, 14 മാർച്ച്, 2026

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽപ്പെട്ടതും തൃശ്ശൂർ താലൂക്കിൽ പീച്ചി വില്ലേജിന് തെക്കുവശവും പാലക്കാട് ജില്ലാ അതിർത്തിയ്ക്കും തമിഴ്നാട് സംസ്ഥാന അതിർത്തിയ്ക്ക് പടിഞ്ഞാറുവശവും ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി വില്ലേജിന്റെ വടക്കുവശവും, കുറ്റിച്ചിറ, വെള്ളിക്കുളങ്ങര, മുപ്ലിയം, വരന്തരപ്പിള്ളി വില്ലേജുകളുടെയും മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ, കല്ലൂർ വില്ലേജുകളുടെ കിഴക്കുവശവുമായി കിടക്കുന്ന സർവ്വെ ചെയ്യപ്പെടാത്ത റിസർവ് വനം ഉൾപ്പെടുന്ന പ്രദേശത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിസ്തീർണ്ണവും മറ്റു വിവരങ്ങളും ചാലക്കുടി താലൂക്കിലെ ഒരു വില്ലേജിലും ഉൾപ്പെട്ടുവരുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങൾ അതിർത്തി വ്യക്തമാക്കി റവന്യൂ വില്ലേജുകളുടെ ഭാഗമാക്കേണ്ടത് അനിവാര്യം ആണെന്നു കാണുന്നതിനാൽ ചാലക്കുടി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പ്രസ്തുത പ്രദേശങ്ങൾ അനുബന്ധമായി ചേർക്കും പ്രകാരം അതാത് വില്ലേജുകളിൽ ചേർത്തുകൊണ്ട് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ജി.രാജമാണിക്കം.

സെക്രട്ടറി

<u>അനുബന്ധം</u>

ജില്ല : തൃശ്ശൂർ

താലൂക്കിന്റെ പേര് : ചാലക്കുടി

വില്ലേജിന്റെ പേര് : മുപ്ലിയം

വില്ലേജിലേക്ക് ചേർക്കപ്പെടുന്ന സർവ്വെ ചെയ്യപ്പെടാത്ത പ്രദേശത്തിന്റെ വിവരണം

നൽകുന്ന പുതിയ സർവെ നമ്പർ : 587

ഉദ്ദേശ വിസ്തീർണ്ണം : 16 ഹെക്ടർ

ഇനം : പുറമ്പോക്ക്

മുപ്ലിയം വില്ലേജ്– ബിറ്റ് (I)

തെക്ക് മുപ്ലിയം വില്ലേജിലെ സർവ്വെ ചെയ്യപ്പെട്ട പ്രദേശങ്ങൾ

(മുപ്ലിയം വില്ലേജിലെ 526, 527, 529 എന്നിവയുടെ ട്രൈജംഗ്ഷനിൽ ആരംഭിച്ച് ഫോറസ്റ്റ് സ്റ്റേഷൻ ഇഞ്ചക്കുണ്ട് കണ്ണോത്ത് പാടം റോഡ് ആരംഭിച്ചിട്ടുള്ള ഭാഗത്ത് റോഡിന്റെ പടിഞ്ഞാറെ അതിർത്തി വരെ)

കിഴക്ക് ഇഞ്ചക്കുണ്ട് കണ്ണോത്ത് പാടം റോഡിന്റെ പടിഞ്ഞാറെ അതിർത്തി

(മുപ്ലിയം ഫോറസ്റ്റ് ഓഫീസിനോട് ചേർന്ന് ആരംഭിച്ച് ടി റോഡ് മുപ്ലിയം വില്ലേജിലെ സർവെ 505 ൽ ചേരുന്നത് വരെ)

പടിഞ്ഞാറ് മുപ്ലിയം വില്ലേജിലെ സർവെ ചെയ്യപ്പെട്ട പ്രദേശം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(മുപ്ലിയം വില്ലേജിലെ സർവെ 526, 527, 529 എന്നിവയുടെ തെ ജംഗ്ഷനിൽ ആരംഭിച്ച് വടക്കോട്ട് വില്ലേജ് അതിർത്തിയിലൂടെ സർവെ 381/1 ന്റെ വടക്ക് കിഴക്കെ മൂല)

വടക്ക് — മുപ്ലിയം വില്ലേജിലെ സർവ്വെ ചെയ്യപ്പെട്ട പ്രദേശം

(സർവെ 380/1 ന്റെ വടക്ക് കിഴക്കേമൂല മുതൽ ബിറ്റ് I ന്റെ കിഴക്കേ അതിർത്തി സർവെ 565 ൽ ചേരുന്നത് വരെ)

നൽകുന്ന പുതിയ സർവെ നമ്പർ : 588

ഉദ്ദേശ വിസ്തീർണ്ണം : 27 ഹെക്ടർ

ഇനം : പുറമ്പോക്ക്

മുപ്ലിയം വില്ലേജ്- ബിറ്റ് (II)

തെക്ക് — മുപ്ലിയം വില്ലേജിലെ സർവെ ചെയ്യപ്പെട്ട പ്രദേശങ്ങൾ

(മുപ്ലിയം വില്ലേജിലെ സർവെ 240 ന്റെ തെക്ക് കിഴക്കെ മൂലയിൽ നിന്ന് ആരംഭിച്ച് സർവെ 586 ന്റെ വടക്കു പടിഞ്ഞാറെ മൂല വരെ)

കിഴക്ക് — വരന്തരപ്പിള്ളി വില്ലേജിൽ ചേർക്കപ്പെടുന്ന ബിറ്റ് I പ്രദേശം

(സർവെ 586 ന്റെ വടക്ക് പടിഞ്ഞാറെ മൂല മുതൽ റോഡിന്റെ അതിർത്തിയിലൂടെ കുറുമാലി പുഴ മദ്ധ്യം വരെ)

പടിഞ്ഞാറ് — മുപ്ലിയം വില്ലേജിലെ സർവെ 240 –കുറുമാലി പുഴ

(മുപ്ലിയം വില്ലേജിലെ സർവെ 240 ന്റെ തെക്ക് കിഴക്കെ മൂല മുതൽ വടക്ക് കിഴക്കേ മൂലയായ കുറുമാലി പുഴ മദ്ധ്യം വരെ)

വടക്ക് — വരന്തരപ്പിള്ളി വില്ലേജ്

(മുപ്ലിയം വില്ലേജിലെ സർവെ 240 ന്റെ വടക്ക് കിഴക്കേ മൂലയായ കുറുമാലി പുഴ മദ്ധ്യം മുതൽ പുഴ മദ്ധ്യം അതിർത്തിയായി ബിറ്റ് II ന്റെ കിഴക്കേ അതിർത്തി തീരുന്ന കുറുമാലി പുഴ മദ്ധ്യം

ജില്ല : തൃശ്ശൂർ

താലൂക്കിന്റെ പേര് : ചാലക്കുടി

വില്ലേജിന്റെ പേര് : അതിരപ്പള്ളി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വില്ലേജിലേക്ക് ചേർക്കപ്പെടുന്ന പ്രദേശത്തിന്റെ വിവരണം

നൽകുന്ന പുതിയ സർവെ നമ്പർ : 1850

ഉദ്ദേശ വിസ്തീർണ്ണം : 23296 ഹെക്ടർ

ഇനം : പുറമ്പോക്ക്

അതിരപ്പിള്ളി വില്ലേജ്

തെക്ക് നിലവിലുള്ള അതിരപ്പിള്ളി വില്ലേജ്

കിഴക്ക് തമിഴ്നാട് സംസ്ഥാനം, പാലക്കാട് ജില്ല

(സംസ്ഥാന അതിർത്തിയും തുടർന്ന് വടക്കോട്ട് പാലക്കാട് ജില്ലാ അതിർത്തിയും തൃശ്ശൂർ ജില്ലാ അതിർത്തിയും തമിഴ്നാട് അതിർത്തിയും ചേരുന്ന ടൈ ജംഗ്ഷൻ വരെ)

പടിഞ്ഞാറ് വെള്ളിക്കുളങ്ങര വില്ലേജിൽ ചേർക്കപ്പെടുന്ന പ്രദേശം

(ചാലക്കുടി ഫോറസ്റ്റ് ഡിവിഷന്റെ തെക്കു കിഴക്കേ മൂലയിൽ നിന്നും ആരംഭിച്ച് കണ്ണംകുഴി തോട് ഉൾപ്പടെ ഫോറസ്റ്റ് ഡിവിഷൻ ബൗണ്ടറിയിലൂടെ വടക്കോട്ട് തുടർന്ന് വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന്റെ വടക്കു പടിഞ്ഞാറെ മൂല വരെ (ടി തോട് ടാം വേ റോഡ് എത്തുന്നത് വരെ)

വടക്ക് വരന്തരപ്പിള്ളി വില്ലേജിൽ ചേർക്കപ്പെടുന്ന ബിറ്റ് I പ്രദേശം

(വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന്റെ വടക്ക് പടിഞ്ഞാറേ മൂല മുതൽ ടാം വേ റോഡ് ചേരുന്നിടം മുതൽ ടാംവേയിലൂടെ കിഴക്കോട്ട് വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ, ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ, പാലക്കാട് ജില്ലാ അതിർത്തി ടൈ ജംഗ്ഷൻ വരേയും തുടർന്ന് പാലക്കാട് തൃശ്ശൂർ ജില്ലാ അതിർത്തിയിലൂടെ കിഴക്കോട്ട് പാലക്കാട്, തൃശ്ശൂർ, തമിഴ് നാട് അതിർത്തി ടൈ ജംഗ്ഷൻ വരെ)

ജില്ല : തൃശ്ശൂർ

താലൂക്കിന്റെ പേര് : ചാലക്കുടി

വില്ലേജിന്റെ പേര് : വരന്തരപ്പിള്ളി

വില്ലേജിലേക്ക് ചേർക്കപ്പെടുന്ന പ്രദേശത്തിന്റെ വിവരണം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നൽകുന്ന പുതിയ സർവെ നമ്പർ : 1214

ഉദ്ദേശ വിസ്തീർണ്ണം : 22054 ഹെക്ടർ

ഇനം : പുറമ്പോക്ക്

വരന്തരപ്പിള്ളി – ബിറ്റ് (I)

തെക്ക് വെള്ളിക്കുളങ്ങര വില്ലേജിൽ ചേർക്കപ്പെടുന്ന പ്രദേശം

(മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ആരംഭിച്ച് ഇഞ്ചക്കുണ്ട് കണ്ണോത്തുപാടം റോഡ് ഹാരിസൺ മലയാളം പ്ലാന്റേഷൻ എസ്റ്റേറ്റ് അതിർത്തിയിൽ ചേരുന്നത് മുതൽ കിഴക്കോട്ട്-ഹാരിസൺ മലയാളം പ്ലാന്റേഷൻ അതിർത്തിയിലൂടെ മുപ്ലി റിവറിന്റെ മധ്യഭാഗം വരേയും, അതിനെ തുടർന്ന് മുപ്ലി റിവർ മധ്യത്തിലൂടെ ചാലക്കുടി, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ തമ്മിലുള്ള തെക്കുവടക്കായി കിടക്കുന്ന അതിർത്തി ട്രാംവേയിൽ മുട്ടുന്നത് വരേയും അവിടെ നിന്ന് കിഴക്കോട്ട് ട്രാംവേയിലൂടെ വാഴച്ചാൽ, ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ, പാലക്കാട് ജില്ലാ അതിർത്തി ചേരുന്ന ട്രൈജംഗ്ഷൻ വരെ)

കിഴക്ക് പാലക്കാട് ജില്ല

(തൃശ്ശൂർ താലൂക്ക്, ചാലക്കുടി താലൂക്ക്, പാലക്കാട് ജില്ലാ അതിർത്തി ട്രൈ ജംഗ്ഷൻ മുതൽ തെക്കോട്ട് വാഴച്ചാൽ, ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ അതിർത്തി പാലക്കാട് ജില്ലാ അതിർത്തിയിൽ ചേരുന്ന ട്രൈ ജംഗ്ഷൻ വരെ)

പടിഞ്ഞാറ് മുപ്ലിയം വില്ലേജിൽ ചേർക്കുന്ന ബിറ്റ് I പ്രദേശവും മുപ്ലിയം വില്ലേജും, വരന്തരപ്പിള്ളി വില്ലേജിലെ സർവ്വെ ചെയ്യപ്പെട്ട പ്രദേശവും തൃശ്ശൂർ താലൂക്കിലെ മാന്ദാമംഗലം വില്ലേജും

(മുപ്ലി ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ഇഞ്ചക്കുണ്ട് – കണ്ണോത്ത് പാടം റോഡ് ഹാരിസൺ മലയാളം എസ്റ്റേറ്റ് ബൗണ്ടറി ചേരുന്ന ഭാഗത്ത് ആരംഭിച്ച്, റോഡിൽ പടിഞ്ഞാറേ അതിർത്തിയിലൂടെ വടക്കോട്ട് മുപ്ലിയം വില്ലേജിലെ സർവെ 505 ൽ ചേരുന്നത് വരേയും തുടർന്ന് മുപ്ലിയം വില്ലേജ് അതിർത്തിയിലൂടെ വടക്കോട്ട് വരന്തരപ്പിള്ളി വില്ലേജ് ചേരുന്ന അതിർത്തിയിലൂടെ തുടർന്ന് വടക്കോട്ട് വരന്തരപ്പിള്ളി വില്ലേജിലെ സർവെ 1121 ന്റെ കിഴക്കേ അതിർത്തിയിലൂടെ തുടർന്ന് വടക്കോട്ട് വരന്തരപ്പിള്ളി, മാന്ദാമംഗലം വില്ലേജ് ചേരുന്ന ജംഗ്ഷൻ വരേയും, തുടർന്ന് വടക്കോട്ട് തൃശ്ശൂർ താലൂക്കിലെ മാന്ദാമംഗലം, പീച്ചി വില്ലേജ് ചേരുന്ന ജംഗ്ഷൻ വരേയും)

വടക്ക് തൃശ്ശൂർ താലൂക്കിലെ പീച്ചി വില്ലേജ്

(തൃശ്ശൂർ താലൂക്കിലെ മാന്ദാമംഗലം, പീച്ചി വില്ലേജുകളിലെ സർവെ ചെയ്യപ്പെടാത്ത പ്രദേശം ചേരുന്ന ജംഗ്ഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുതൽ കിഴക്കോട്ട്, തൃശ്ശൂർ താലൂക്ക് ചാലക്കുടി താലൂക്ക് എന്നീ പൊതു അതിർത്തിയിലൂടെ തുടർന്ന് തൃശ്ശൂർ താലൂക്ക്, ചാലക്കുടി താലൂക്ക് പാലക്കാട് ജില്ലാ അതിർത്തി ചേരുന്ന ട്രൈജംഗ്ഷൻ വരെ)

നൽകുന്ന പുതിയ സർവെ നമ്പർ : 1215

ഉദ്ദേശ വിസ്തീർണ്ണം : 388 ഹെക്ടർ

ഇനം : പുറമ്പോക്ക്

വരന്തരപ്പിള്ളി – ബിറ്റ് (II)

<u>കള്ളായി ഫോറസ്റ്റ് ഉൾപ്പെടുന്ന പ്രദേശം</u>

തെക്ക് വരന്തരപ്പിള്ളി വില്ലേജിലെ സർവെ ചെയ്യപ്പെട്ട പ്രദേശം

(വരന്തരപ്പിള്ളി വില്ലേജിലെ സർവെ 1105 ന്റെ വടക്കു പടിഞ്ഞാറേ മൂലയിൽ ആരംഭിച്ച് സർവെ 1104 ന്റെ തെക്കു കിഴക്കേ മൂല വരെ)

കിഴക്ക് വരന്തരപ്പിള്ളി വില്ലേജിലെ സർവ്വെ ചെയ്യപ്പെട്ട പ്രദേശം

(വരന്തരപ്പിള്ളി വില്ലേജിലെ സർവെ 1104 ന്റെ തെക്കു കിഴക്കേ മൂലയിൽ ആരംഭിച്ച് കുറുമാലി പുഴ മദ്ധ്യത്തിലൂടെ സർവെ 1118 ന്റെ തെക്കു പടിഞ്ഞാറേ മൂലയിലൂടെ വടക്കോട്ട് സർവെ ചെയ്യപ്പെട്ട വില്ലേജ് അതിർത്തിയിലൂടെ സർവെ 1125 ന്റെ വടക്കു പടിഞ്ഞാറെ മൂല വരേയും തുടർന്ന് വടക്കോട്ട് സർവെ 650 ന്റെ തെക്കു പടിഞ്ഞാറെ മൂല വരേയും തുടർന്ന് വില്ലേജ് അതിർത്തിയിലൂടെ വടക്കോട്ട് സർവെ 1031 ന്റെ വടക്കു പടിഞ്ഞാറെ മൂല വരേയും)

പടിഞ്ഞാറ് വരന്തരപ്പിള്ളി വില്ലേജിലെ സർവ്വെ ചെയ്യപ്പെട്ട പ്രദേശവും മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ വില്ലേജും

(വരന്തരപ്പിള്ളി വില്ലേജ് സർവെ 1105 ന്റെ വടക്ക് പടിഞ്ഞാറ് മൂലയിൽ ആരംഭിച്ച് വടക്കോട്ട് വില്ലേജ് അതിർത്തിയിലൂടെ വരന്തരപ്പിള്ളി, മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ വില്ലേജ് അതിർത്തിയുമായി ചേരുന്ന ജംഗ്ഷൻ വരേയും തുടർന്ന് ആമ്പല്ലൂർ വില്ലേജിന്റെ കിഴക്കേ അതിർത്തിയിലൂടെ വടക്കോട്ട് തുടർന്ന് ആമ്പല്ലൂർ, കല്ലൂർ വില്ലേജ് ചേരുന്ന (കിഴക്ക് ഭാഗത്ത്) ജംഗ്ഷൻ വരേയും)

വടക്ക് മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജ്

(മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ, കല്ലൂർ, ചാലക്കുടി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താലൂക്കിലെ സർവെ ചെയ്യപ്പെടാത്ത പ്രദേശം എന്നിവ ചേരുന്ന ജംഗ്ഷനിൽ ആരംഭിച്ച് കല്ലൂർ വില്ലേജിന്റെ തെക്കേ അതിർത്തിയിലൂടെ കിഴക്കോട്ട് തുടർന്ന് വരന്തരപ്പിള്ളി വില്ലേജിലെ സർവെ 1031 ന്റെ വടക്കു പടിഞ്ഞാറെ മൂല വരെ)

സർവെ ചെയ്യപ്പെടാത്ത പ്രദേശം മേൽ വിവരിച്ച പ്രകാരം പ്രകൃതിദത്തമായ അതിർത്തി നിശ്ചയിച്ച് അതിർത്തി നിർണ്ണയിക്കുമ്പോൾ വരന്തരപ്പിള്ളി പഞ്ചായത്തിലെ പ്രദേശത്തിൽ ഉൾപ്പെട്ടതും നിലവിൽ വെള്ളിക്കുളങ്ങര വില്ലേജിൽ ഉൾപ്പെട്ടതുമായ സർവെ 1750 ൽ പ്പെട്ട പ്രദേശം പുതുതായി വരന്തരപ്പിള്ളി വില്ലേജിലേക്കു ചേർക്കപ്പെട്ട പ്രദേശത്തിൽ ഉൾപ്പെട്ടതിനാൽ വെള്ളിക്കുളങ്ങര വില്ലേജിലെ സർവെ 1750 ൽ 6.8149 ഹെക്ടർ വിസ്തീർണ്ണം വരന്തരപ്പിള്ളി വില്ലേജിലേക്ക് ചേർത്തുകൊണ്ടും വിജ്ഞാപനം ചെയ്യുന്നു.

ജില്ല : തൃശ്ശൂർ

താലൂക്ക് : ചാലക്കുടി

മുൻ വില്ലേജ് : വെള്ളിക്കുളങ്ങര

സർവെ നമ്പർ : 1750

വിസ്തീർണ്ണം : 6.8149 ഹെക്ടർ

ചേർക്കപ്പെടുന്ന വില്ലേജ് : വരന്തരപ്പിള്ളി

സർവെ നമ്പർ : 1750

വിസ്തീർണ്ണം : 6.8149 ഹെക്ടർ

ജില്ല : തൃശ്ശൂർ

താലൂക്കിന്റെ പേര് : ചാലക്കുടി

വില്ലേജിന്റെ പേര് : വെള്ളിക്കുളങ്ങര

വില്ലേജിലേക്ക് ചേർക്കപ്പെടുന്ന പ്രദേശത്തിന്റെ വിവരണം

നൽകുന്ന പുതിയ സർവെ നമ്പർ : 2327

ഉദ്ദേശ വിസ്തീർണ്ണം : 10550 ഹെക്ടർ

ഇനം : പുറമ്പോക്ക്

വെള്ളിക്കുളങ്ങര വില്ലേജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തെക്ക്	കൂറ്റിച്ചിറ വില്ലേജും അതിരപ്പിള്ളി വില്ലേജും (കൂറ്റിച്ചിറ വില്ലേജിലെ 1970 സർവെ നമ്പറിലെ വടക്ക് കിഴക്കെ മൂല മുതൽ നിലവിലെ വനഭൂമിയും ഭൂവുടമകളുടെ കൈവശഭൂമിയും തിരിച്ച് ജണ്ടയിട്ട അതിർത്തിയിലൂടെ കിഴക്കോട്ട് ചാലക്കുടി, വഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ പൊതു അതിർത്തിയായ തെക്കുവടക്കുള്ള കണ്ണംകുഴി തോട് അതിർത്തി വരെ)
കിഴക്ക്	ചാലക്കുടി വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന്റെ പൊതു അതിർത്തിയായ തോട് (തെക്ക് അതിർത്തി അവസാനിക്കുന്നത് മുതൽ വടക്കോട്ട് ടി ഫോറസ്റ്റ് ഡിവിഷൻ ബൗണ്ടറിയിലൂടെ കണ്ണംകുഴി തോട് ടാം വേയിൽ ചേരുന്ന ഭാഗം വരെ)
പടിഞ്ഞാറ്	മുപ്ലിയം വില്ലേജിൽ സർവ്വെ ചെയ്യപ്പെട്ട പ്രദേശവും വെള്ളിക്കുളങ്ങര വില്ലേജിൽ സർവെ ചെയ്യപ്പെട്ട പ്രദേശവും, കൂറ്റിച്ചിറ വില്ലേജിന്റെ സർവെ ചെയ്യപ്പെട്ട പ്രദേശവും (മുപ്ലിയം വില്ലേജ് സർവെ 526, 527, 529 ന്റെ ടൈജംഗ്ഷൻ മുതൽ കിഴക്കോട്ട് മുപ്ലിയം വില്ലേജ് അതിർത്തിയിലൂടെ മുപ്ലിയം വില്ലേജിലെ സർവെ 522 ന്റെ തെക്ക് കിഴക്കെ മൂല വരേയും അതിനെ തുടർന്ന് വെള്ളിക്കുളങ്ങര വില്ലേജിന്റെ സർവെ ചെയ്യപ്പെട്ട് പ്രദേശത്തിന്റെ വടക്കെ അതിർത്തിയിലൂടെ കിഴക്കോട്ട് ടി അതിർത്തി കൂറ്റിച്ചിറ വില്ലേജിന്റെ സർവെ ചെയ്യപ്പെട്ട അതിർത്തിയിൽ മുട്ടുന്നത് വരെ തുടർന്ന്, കൂറ്റിച്ചിറ വില്ലേജിന്റെ സർവെ ചെയ്യപ്പെട്ട വടക്കെ അതിർത്തിയിലൂടെ കിഴക്കോട്ട് തുടർന്ന ബിറ്റ് 1 ന്റെ തെക്കേ അതിർത്തി ആരംഭിക്കുന്ന കൂറ്റിച്ചിറ വില്ലേജിലെ സർവെ 1970 ന്റെ വടക്ക് കിഴക്കെ മൂലകൾ)
വടക്ക്	വരന്തരപ്പിള്ളി വില്ലേജിൽ ചേർത്തിട്ടുള്ള ബിറ്റ് I പ്രദേശം (മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ആരംഭിച്ച് ഇഞ്ചക്കുണ്ട് കണ്ണോത്ത് പാടം റോഡ് ഹാരിസൺ മലയാളം പ്ലാന്റേഷൻ എസ്റ്റേറ്റ് അതിർത്തിയിൽ ചേരുന്നത് മുതൽ കിഴക്കോട്ട്-ഹാരിസൺ മലയാളം പ്ലാന്റേഷൻ അതിർത്തി മുപ്ലി റിവറിന്റെ മദ്ധ്യ ഭാഗം വരേയും, അതിനെ തുടർന്ന് മുപ്ലി റിവർ മദ്ധ്യത്തിലൂടെ ചാലക്കുടി, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ തമ്മിലുള്ള തെക്കുവടക്കായി കിടക്കുന്ന അതിർത്തി ടം വേയിൽ മുട്ടുന്നത് വരേയും നിന്ന് കിഴക്കോട്ട് ടാം വേയിലൂടെ വാഴച്ചാൽ, ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ, പാലക്കാട് ജില്ലാ അതിർത്തി ചേരുന്ന ടൈജംഗ്ഷൻ വരെ)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.14 10:26:33 +05:30